ഉത്തരം

പഴയ കുന്നിൻമേൽ പഞ്ചായത്തിൽ ഇപ്പോൾ മണ്ണു സംരക്ഷണ പദ്ധതികളും ഒന്നും ഇല്ലാത്തതിനാൽ ഉടൻ മണ്ണു സംരക്ഷണ ഓഫീസുകൾ ഈ പ്രദേശത്തു തുടങ്ങാൻ ഉദ്ദേശിക്കുന്നില്ല.

കിളിമാന്നൂർ പഞ്ചായത്തിൽ പുതിയ മണ്ണ് സംരക്ഷണ ഓഫീസ്

1957 [3029] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷിവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

കിളിമാന്നൂർ പഞ്ചായത്തിൽ പുതിയ മണ്ണു സംരക്ഷണ ഓഫീസുകൾ തുറക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

കിളിമാന്നൂർ പഞ്ചായത്തിൽ ഇപ്പോൾ മണ്ണു സംരക്ഷണ പദ്ധതികളും ഒന്നും ഇല്ലാത്തതിനാൽ മണ്ണു സംരക്ഷണ ഓഫീസുകൾ ഈ പ്രദേശത്തു തുടങ്ങാൻ ഉദ്ദേശിക്കുന്നില്ല.

പുളിമാത്തു പഞ്ചായത്തിലെ പാടശേഖരങ്ങളുടെ പുറംചിറ സംരക്ഷണം

1958 [3030] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാന്നൂർ നിയോജക മണ്ഡലത്തിലെ പുളിമാത്തു പഞ്ചായത്തിൽ എത്ര പാടശേഖരങ്ങളുടെ പുറംചിറ സംരക്ഷണമാണ് ഗവൺമെന്റ് ഇതുവരെയായി ഏറ്റെടുത്തിട്ടുള്ളത്;

(ബി) അവ ഏതെല്ലാമാണെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(സി) അവയ്ക്കെല്ലാം കൂടി 1985-86-ൽ എത്ര രൂപ ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പുളിമാത്തു പഞ്ചായത്തിലെ പാടശേഖരങ്ങളുടെ പുറംചിറ സംരക്ഷണ ജോലികളൊന്നും കൃഷി (മണ്ണു സംരക്ഷണ) വകുപ്പിൽനിന്നും ഏറ്റെടുത്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

നാവായിക്കുളം പഞ്ചായത്തിലെ പാടശേഖരങ്ങളുടെ പുറംചിറ സംരക്ഷണം

1959 [3031] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാന്നൂർ നിയോജക മണ്ഡലത്തിലെ നാവായിക്കുളം പഞ്ചായത്തിൽ എത്ര പാടശേഖരങ്ങളുടെ പുറംചിറ സംരക്ഷണമാണ് ഗവൺമെന്റ് ഇതുവരെയായി ഏറ്റെടുത്തിട്ടുള്ളത്;

(ബി) അവ ഏതെല്ലാമാണെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(സി) അവയ്ക്കെല്ലാം കൂടി 1985-86-ൽ എത്ര രൂപ ചെലവഴിച്ചുട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly